## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4109** **18-07-2022 - ൽ മറുപടിയ്ക്ക്**

## ആസ്തിവികസന ഫണ്ടുപയോഗിച്ച് ലൈബ്രറി കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. മാരുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ അധീനതയിലുള്ള ലൈബ്രറികൾക്ക് മാത്രമാണോ അനുവാദമുള്ളത്; വിശദാംശം അറിയിക്കാമോ; | (എ) | പഞ്ചായത്ത് ലൈബ്രറികൾക്ക് എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി വരുന്നുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 തീയതിയിലെ സ.ഉ(അച്ചടി)നം.119/2018/ധന പ്രകാരം സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ളവയല്ലാത്ത ലൈബ്രറികളുടെ കെട്ടിട നിർമ്മാണം അനുവദനീയമല്ലാത്ത പ്രവൃത്തിയാണ്. |
| (ബി) | സംസ്ഥാനത്ത് ഭൂരിഭാഗം ലൈബ്രറികളും കേരള ലൈബ്രറി കൗൺസിലിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നതാണെന്നത് ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എസ്.ഡി.എഫ്. ഉപയോഗിച്ച് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ അനുവാദമുള്ളപ്പോൾ എ.ഡി.എസ്. ഫണ്ടുപയോഗിച്ച് ആയത് അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ? | (സി) | 27/05/2019 തീയതിയിലെ സ.ഉ(അച്ചടി) നം.60/2019/ധന പ്രകാരം ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണത്തിന് എം.എൽ.എ യുടെ പ്രത്യേക വികസന നിധി (എസ്.ഡി.എഫ്.) യിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവായിട്ടുണ്ട്. എന്നാൽ, സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള, ദീർഘകാലം നിലനിൽക്കുന്ന ആസ്തികളുടെ നിർമ്മാണമാണ് ആസ്തി വികസന പദ്ധതി വിഭാവനം ചെയ്യുന്നത്. സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പല ലൈബ്രറികളുടെയും ഉടമസ്ഥാവകാശം അവ രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കാണ്. അത്തരം ലൈബ്രറികൾക്ക് ആസ്തി വികസന പദ്ധതിയിൽ നിന്നും ധനസഹായം അനുവദനീയമല്ല. |

സെക്ഷൻ ഓഫീസർ